(ഡി) ഭാവി വികസന പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ട് ആയത് കൂടി പരിഗണിച്ച് മാത്രമേ സർക്കാർ ഓഫീസുകളും സ്ഥലങ്ങളും മൊബൈൽ ടവർ സ്ഥാപിക്കുന്നതിനായി വിട്ടു നൽകുവാൻ അനുമതി നൽകിയിട്ടുള്ളൂ. മൊബൈൽ ടവർ നിർമ്മാണത്തിനായി സ്ഥലവും ഓഫീസ് കെട്ടിടവും വിട്ടു നൽകണമോ എന്ന കാര്യം അതാത് ഓഫീസ് മേധാവികളുടെ വിവേചനാധികാരത്തിൽപ്പെടുന്നവയാണ്. സർക്കാർ ഇക്കാര്യത്തിൽ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ ഒരു വകുപ്പിനെയും/ഓഫീസ് മേധാവികളേയും മൊബൈൽ ടവർ നിർമ്മാണാനുമതി നൽകുന്നതിന് നിർബന്ധിക്കുന്നില്ല.

വകുപ്പുകളിലെ അഴിമതി ആരോപണങ്ങൾ

20 (24) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങൾ നിയമസഭയിൽ ഉയർന്നുവരുകയുണ്ടായി;

(ബി) നിയമസഭയിൽ ഉയർന്നുവന്ന ആരോപണങ്ങളെ സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയുണ്ടായിട്ടുണ്ടോ;

(സി) നിയമസഭയിൽ രേഖാമൂലം എഴുതി നല്കിക്കൊണ്ട് അംഗങ്ങൾ ആരോപണം ഉന്നയിച്ചാൽ അതേക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്താറുണ്ടോ; ഈ സഭയിൽ ഉന്നയിക്കപ്പെട്ട ഏതെല്ലാം അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി?

ഉത്തരം

(എ& ബി) സഭയിൽ ഉന്നയിക്കുന്ന ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും സഭാതലത്തിൽതന്നെ ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയും.

(സി) സർക്കാരിനോ, വിജിലൻസ് ഡയറക്ടർക്കോ ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണങ്ങൾ നടത്താറുള്ളത്.

മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ്

21(25) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ മുഖ്യമന്ത്രി നേരിട്ടു നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ കഴിയാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു, ആയതിൽ ചെലവഴിച്ച തുകയെത്ര എന്നിവ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ എല്ലാം തന്നെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു.*

ഭരണപരിഷ്കാര കമ്മീഷൻ

22(26) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാളിതുവരെ ഭരണ പരിഷ്കാരത്തിനായി എത്ര കമ്മീഷനുകൾ രൂപീകരിച്ചു; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഭരണം സുതാര്യമായും വേഗത്തിലും നീതിപൂർവ്വവും ആക്കുന്നതിനായുള്ള ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകൾ ഏതെല്ലാം ആണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇ-ഗവേണൻസിനു വേണ്ടി എന്തെല്ലാം നീക്കങ്ങളാണ് സംസ്ഥാനത്ത് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇ-ഗവേണൻസ് നടപ്പിലാക്കുമ്പോൾ മാറ്റം വരുത്തേണ്ട ഓഫീസ് പ്രൊസീജ്യർ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) ഓഫീസ് പ്രൊസീജറിൽ ഭേദഗതി വരുത്തുവാനുള്ള നീക്കത്തിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) കേരളത്തിലെ ഏതെല്ലാം വകുപ്പുകളിൽ എത്ര ശതമാനം ഇ-ഗവേണൻസ് പൂർത്തിയായി എന്ന് വ്യക്തമാക്കാമോ; ഓരോ വകുപ്പിലേയും ശതമാനം വ്യക്തമാക്കാമോ;

(ജി) ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിൽ ഏറ്റവും പുറകിൽ നിൽക്കുന്ന വകുപ്പ് ഏത്; കാരണം വിശദമാക്കാമോ; ഇ-ഗവേണൻസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം എന്തെന്ന് വ്യക്തമാക്കാമോ; ഇ-ഗവേണൻസ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly